**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2219** **05-02-2026 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജന്റെ അഭാവം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ആര്യാടൻ ഷൗക്കത്ത്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജൻ ഇല്ലാത്തതിനാൽ പല മൃതദേഹങ്ങളും പോസ്റ്റ്മോർട്ടം ചെയ്യുന്നതിനായി മഞ്ചേരി മെഡിക്കൽ കോളേജിലേക്ക് അയയ്ക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജന്റെ സേവനം ലഭ്യമല്ലായെങ്കിലും ഫോറൻസിക് സർജന്റെ സേവനം അത്യന്താപേക്ഷിതമല്ലാത്ത 89 പോസ്റ്റ്മോർട്ടങ്ങൾ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ 2025 ൽ ചെയ്തിട്ടുണ്ട്. ഫോറൻസിക് സർജന്റെ വിദഗ്ദ്ധാഭിപ്രായം ആവശ്യമായ 61 കേസുകൾ നിലമ്പൂർ ജില്ലാ ആശുപത്രിയോട് ഏറ്റവും അടുത്ത് ഫോറൻസിക് സർജന്റെ സേവനം ലഭ്യമായ മഞ്ചേരി മെഡിക്കൽ കോളേജ് ഫോറൻസിക് മെഡിസിൻ വിഭാഗത്തിലേക്ക് 2025 ൽ റഫർ ചെയ്തിട്ടുണ്ട്. |
| (ബി) | നിലമ്പൂർ ജില്ലാ ആശുപത്രിയിലേക്ക് ഫോറൻസിക് സർജനെ അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ആർദ്രം മാനദണ്ഡ പ്രകാരം ജില്ലാ തല ആശുപത്രികളിലാണ് ഫോറൻസിക് സർജൻ തസ്തിക നിഷ്കർഷിച്ചിട്ടുള്ളത്. 22.04.2017 ലെ സർക്കാർ ഉത്തരവ് GO(Ms) No. 58/2017/H&FWD പ്രകാരം മലപ്പുറം ജില്ലയിൽ ജില്ലാതല ആശുപത്രിയായി ഉയർത്തിയിട്ടുള്ള തിരൂർ ജില്ലാ തല ആശുപത്രിയിലേയ്ക്ക് 23/12/2025 ലെ സ.ഉ (കൈ) നം. 436/2025/H&FWD പ്രകാരം ജൂനിയർ കൺസൾട്ടന്റ് ഫോറൻസിക് മെഡിസിൻ തസ്തിക അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ